ന്യൂനപക്ഷക്ഷേമ പദ്ധതികൾ

91 (5439) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15-ൽ ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും എത്ര പേർക്കാണ് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

വേനൽ മഴകളിലും മറ്റ് കാലവർഷക്കെടുതികളിലുമായി സംഭവിച്ച നാശനഷ്ടങ്ങൾ

92 (5441)ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2011 മുതൽ 2015 വരെ ഓരോ വർഷവുമുണ്ടായ വേനൽ മഴകളിലും മറ്റ് കാലവർഷക്കെടുതികളിലുമായി ഓരോ വർഷവും സംസ്ഥാനത്തു സംഭവിച്ചതും കർഷകർ നേരിട്ടതുമായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയോ ; എങ്കിൽ എന്തെല്ലാം ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2015 ജൂൺ, ജൂലായ് മാസത്തിലുണ്ടായ വേനൽമഴയിലും തീക്കാറ്റിലും കർഷകർക്കുണ്ടായ നാശനഷ്ടങ്ങളും തീക്കാറ്റിനുണ്ടായ കാരണങ്ങളും എന്താണ് എന്ന് പരിശോധിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) കൃഷി നാശത്തിന് വിധേയരായ കർഷകർക്ക് 2011 മുതൽ 2015 വരെ ഓരോ വർഷവും നൽകാനായി സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്ര ; കേന്ദ്രസർക്കാർ നൽകിയ തുക എത്ര ; ഇവ ഓരോന്നിലുമായി കർഷകർക്ക് നൽകിയ തുക എത്ര ; എത്ര കർഷകർക്ക് പ്രസ്തുത സഹായം ലഭിച്ചു എന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ :

(ഡി) 2011 മുതൽ 2015 വരെ കൃഷി നാശത്തിന് വിധേയരാകുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്ത അപേക്ഷകരിൽ ഓരോ ജില്ലയിലും നാളിതുവരെ സഹായം ലഭിക്കാത്തവർ എത്ര എന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 2011 മുതൽ 2015 വരെയുണ്ടായ വേനൽ മഴ, ശക്തമായ കാറ്റ്, കാലവർഷക്കെടുതികൾ എന്നിവമൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2015 ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷക്കെടുതിമൂലം 27668 കർഷകർക്ക് 91,94,71,760 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. തീക്കാറ്റ് മൂലം വിളനാശമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. 2015 ജൂൺ 20-നും 27-നും ഇടയിൽ സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ചിലയിടങ്ങളിൽ സസ്യങ്ങൾ ഉണങ്ങാനിടയായ പ്രതിഭാസത്തെക്കുറിച്ച് കോഴിക്കോട് ജലവിഭവ വികസന കേന്ദ്രം (Centre for Water Resources Development and Managment) പഠനം നടത്തുകയുണ്ടായി. ശാസ്ത്രീയ നിരീക്ഷണത്തിന്റെയും കാലാവസ്ഥ-സമുദ്ര വിവരങ്ങളുടെയും ലബോറട്ടറി പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ സസ്യങ്ങൾ ഉണങ്ങിയതിന് കാരണം പ്രസ്തുത ദിവസങ്ങളിൽ വീശിയ ലവണാംശം കൂടുതലടങ്ങിയ ചൂടുകാറ്റാണെന്ന നിഗമനത്തിലെത്താവുന്നതാണ് എന്നാണ് പ്രസ്തുത കേന്ദ്രത്തിന്റെ റിപ്പോർട്ട്.

(സി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നാണ് ധനസഹായം നൽകുന്നത്. 2011 മുതൽ 2015 വരെയുള്ള കാലയളവിൽ പ്രസ്തുത ഫണ്ടിൽ നിന്നനുവദിച്ച തുകയുടെയും കർഷകർക്ക് നൽകിയ തുകയുടെയും വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) 2011 മുതൽ 2015 വരെ പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കർഷകരിൽ, സഹായം ലഭിക്കാത്തവരുടെ കണക്ക് താഴെ ചേർക്കുന്നു :

ജില്ല	2011-12	2012-13	2013-14	2014-15
(1)	(2)	(3)	(4)	(5)
തിരുവനന്തപുരം	-	5040	4091	6123
കൊല്ലം	-	-	-	448
പത്തനംതിട്ട	-	-	6	322

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(1)	(2)	(3)	(4)	(5)
ആലപ്പുഴ	-	-	6850	24152
കോട്ടയം	-	-	-	3001
ഇടുക്കി	-	-	-	1118
എറണാകുളം	-	-	4219	4189
തൃശ്ശൂർ	-	-	-	531
പാലക്കാട്	18	10394	1654	2597
മലപ്പുറം	-	-	9883	6168
കോഴിക്കോട്	-	52	5231	2051
വയനാട്	-	-	-	-
കണ്ണൂർ	-	-	-	500
കാസർഗോഡ്	-	-	2528	3314

സംയോജിത ഭക്ഷ്യവിളകളുടെ ഉൽപ്പാദനം

93 (5442) ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഷാഹി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly